# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 14

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2018 ഒക്‌ടോബറിൽ സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/299/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.കോം. ഓഫ് കാമ്പസ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/300/2019)

2017 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സംസ്‌കൃതം സ്‌പെഷൽ സാഹിത്യ (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/301/2019)

2018 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സംസ്‌കൃതം സ്‌പെഷൽ സാഹിത്യ (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/302/2019)

2018 ഒക്‌ടോബറിൽ നടന്ന ഒന്നാം വർഷ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ അനാട്ടമി റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/303/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. പ്ലാന്റ് ബയോടെക്‌നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/304/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ബയോസ്റ്റാറ്റിസ്റ്റിക്‌സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/305/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലുവരെ സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (ഓഫ് കാമ്പസ് - സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/306/2019)

## ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്‌സിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ്

നാനോടെക്നോളജിയിൽ കരാറടിസ്ഥാനത്തിൽ രണ്ട് ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവുണ്ട്. രണ്ടുവർഷത്തേക്കാണ് നിയമനം. യോഗ്യത: എം.എസ്സി. ഫിസിക്സിൽ ഒന്നാം ക്ലാസ് വിജയം/തത്തുല്യ ഗ്രേഡ്. എഴുതാനുള്ള കഴിവും ആശയവിനിമയ പാടവവും ഗവേഷണത്തിനുള്ള അഭിരുചിയും വേണം. നെറ്റ്/ഗേറ്റ് അഭികാമ്യം. മാസം 25000 രൂപയും എച്ച്.ആർ.എ.യും മെഡിക്കൽ അലവൻസും ലഭിക്കും. താല്പര്യമുള്ളവർ കരിക്കുലംവിറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും രണ്ട് റഫറൻസ് ലെറ്ററുകളും സഹിതമുള്ള അപേക്ഷ nkkalarikkal@mgu.ac.in എന്ന ഇമെയിലിലേക്കോ ഡോ. നന്ദകുമാർ കളരിക്കൽ, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്/ഐ.ഐ.യു.സി.എൻ.എൻ., മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം, കേരള - 686560 എന്ന വിലാസത്തിലോ ഫെബ്രുവരി 22നകം സമർപ്പിക്കണം.

(പി.ആർ.ഒ./39/307/2019)

## വാക്ക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാല അന്തർ സർവകലാശാല സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ അനലിറ്റിക്കൽ എഞ്ചിനീയർ ഫോർ ഹൈ റസല്യൂഷൻ ട്രാൻസ്മിഷൻ ഇലക്ട്രോൺ മൈക്രോസ്കോപ്പ് തസ്തികയിൽ ഒരൊഴിവുണ്ട്. കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. മാസം 30000 രൂപയാണ് പ്രതിഫലം. യോഗ്യത: ബി.ടെക് ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ/ഇൻസ്ട്രുമെന്റേഷൻ, നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എം.എസ്./എം.ടെക്. ട്രാൻസ്മിഷൻ ഇലക്ട്രോൺ മൈക്രോസ്കോപ്പി, സ്റ്റെം, ഇഡിഎസ്, ഇലമെന്റൽ മാപ്പിംഗ് ആന്റ് സാമ്പിൾ പ്രിപ്പറേഷൻ ഫോർ എച്ച്ആർടിഇഎം അനലൈസിംഗ് ഇൻക്ലൂഡിംഗ് ക്രയോമൈക്രോടോമിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം. പ്രായം: 2019 ജനുവരി ഒന്നിന് 36 വയസ്. മാർച്ച് അഞ്ചിന് രാവിലെ 10.30ന് വൈസ് ചാൻസലറുടെ ചേംബറിലാണ് വാക്ക്-ഇൻ-ഇന്റർവ്യൂ. താല്പര്യമുള്ളവർ അസൽ രേഖകളുമായി രാവിലെ 9.30ന് എഡി. എVII സെക്ഷനിൽ എത്തണം.

(പി.ആർ.ഒ./39/308/2019)

## ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ ഫയൽ അദാലത്ത്; ലഭിച്ചത് 230 അപേക്ഷ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ തീരുമാനമാകാത്ത ഫയലുകൾ തീർപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ ഫെബ്രുവരി 22ന് നടത്തുന്ന ഫയൽ അദാലത്തിലേക്ക് ലഭിച്ചത് 230 അപേക്ഷ. ഫെബ്രുവരി 11 വരെ ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിച്ചത്. 172 വിദ്യാർഥികളും 38 അധ്യാപകരും 17 പ്രിൻസിപ്പൽമാരും മൂന്ന് മാനേജർമാരുമാണ് അപേക്ഷ നൽകിയിട്ടുള്ളത്.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ സർവകലാശാലയിൽ കൂടിയ യോഗത്തിൽ അപേക്ഷകളുടെ തുടർനടപടികൾ വിലയിരുത്തി. പരീക്ഷയുമായി ബന്ധപ്പെട്ട് 74 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഉന്നതതല തീരുമാനം വേണ്ട അപേക്ഷകൾ പരിഗണിക്കുന്നതിനായി ഫെബ്രുവരി 19ന് സിൻഡിക്കേറ്റിന്റെ വിവിധ സബ് കമ്മിറ്റികൾ ചേരുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. അപേക്ഷകൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് കൈമാറിയതായി രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന സാബു തോമസ് യോഗത്തെ അറിയിച്ചു.

അപേക്ഷയുടെ നടപടി വിവരം ഉടൻ അപേക്ഷകരെ അറിയിക്കാൻ വൈസ് ചാൻസലർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഫെബ്രുവരി 22ന് രാവിലെ ഒൻപതിനാണ് മന്ത്രിയുടെ അധ്യക്ഷതയിൽ സർവകലാശാലയിൽ അദാലത്ത് നടക്കുക.

(പി.ആർ.ഒ./39/309/2019)

## എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലനം നൽകി

മഹാത്മാഗാന്ധി സർവകലാശാല എൻ.എസ്.എസ്. സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രോഗ്രാം ഓഫീസർമാർക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. മണർകാട് സെന്റ് മേരീസ് കോളേജിൽ നടന്ന പരിശീലനപരിപാടി എൻ.എസ്.എസ്. സംസ്ഥാന ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്തു. ഡോ. സി. തോമസ് എബ്രഹാം രചിച്ച പുസ്തകത്തിന്റെ പ്രകാശനം അദ്ദേഹം നിർവ്വഹിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അധ്യക്ഷത വഹിച്ചു.

പ്രിൻസിപ്പൽ ഡോ. പുന്നൻ കുര്യൻ മുഖ്യ പ്രഭാഷണം നടത്തി. ടോണി ഫ്രാൻസിസ്, സി.ജി. മഞ്ജുഷ എന്നിവർ പ്രസംഗിച്ചു. ഡോ. സി. തോമസ് എബ്രഹാം ക്ലാസ്സെടുത്തു.

(പി.ആർ.ഒ./39/310/2019)

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല എൻ.എസ്.എസ്. സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രോഗ്രാം ഓഫീസർമാർക്കായി സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി മണർകാട് സെന്റ് മേരീസ് കോളേജിൽ എൻ.എസ്.എസ്. സംസ്ഥാന ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ